# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 03, Issue: 16

നവംബർ 29 ബുധൻ 2023

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# കുടിയിറക്കപ്പെടുന്നവർ

## വന്യമൃഗ ഭീഷണി മൂലം ഗത്യന്തരമില്ലാതെ കർഷകർ



'പറമ്പിൽ ഉണ്ടായിരുന്ന ഇരുന്നൂറോളം കവുങ്ങുകളും ഇരുപത്തിയഞ്ചോളം തെങ്ങുകളും വന്യമൃഗങ്ങൾ നാമാവശേഷമാക്കി. അവശേഷിക്കുന്ന കശുമാവിൽ നിന്ന് ലഭിക്കുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് ഇപ്പോൾ ഉപജീവനം നടത്തുന്നത്.'

**ജോജോ കല്ലോറ**



'വർഷത്തിൽ നാലു തവണ വിളവെടുത്തുകൊണ്ടിരുന്ന തെങ്ങിൽ നിന്ന് രണ്ടു തവണ പോലും തികച്ചു വിളവെടുക്കാനില്ലാത്ത അവസ്ഥയിലാണ് ഇപ്പോൾ. അമ്പത്തിയൊന്ന് സെന്റ് സ്ഥലം ഉണ്ടായിരുന്ന ഞാൻ ഇപ്പോൾ മുടിക്കയത്ത് ഒറ്റമുറി വാടക കെട്ടിടത്തിലാണ് താമസം.'

**കല്ലുപ്ര ജോസ്**



'വന്യമൃഗശല്യം ജീവനും സ്വത്തിനും ഭീഷണിയായ സാഹചര്യത്തിൽ സ്വന്തം വീടും സ്ഥലവും വിട്ട് ഇറങ്ങേണ്ടി വന്ന കർഷകനാണ് ഞാൻ.'

**ജോസ് കുറ്റിയാനിക്കൽ**

**മരിയ ജോയ്**

അയ്യൻകുന്ന്: ചെങ്കുത്തായി കിടക്കുന്ന മുടിക്കയം മല നല്ല കൃഷിഭൂമിയാണ്. മുപ്പതിലേറെ കുടുംബങ്ങളാണ് 2016 വരെ ഈ പ്രദേശത്ത് കൃഷിചെയ്ത് താമസിച്ചിരുന്നത്. എന്നാലിപ്പോൾ നാല് വീട്ടുകാർ മാത്രമാണ് ഇവിടെ അധിവസിക്കുന്നത്. ബാക്കിയുള്ളവർ കുടിയിറങ്ങി.

കേരളത്തിന്റെ അതിർത്തി വനമേഖലകളിൽ നിന്നും എത്തുന്ന കാട്ടാനക്കൂട്ടങ്ങൾ, കുരങ്ങ്, മ്ലാവ്, കാട്ടുപന്നി, തുടങ്ങിയവയുടെ അതിക്രമം കാരണമാണ് ആളുകളുടെ കൂട്ടപലായനം. താഴ്ന്ന പ്രദേശത്തേക്ക് താമസം മാറ്റിയ മിക്കവരുടെയും കൃഷിഭൂമികൾ കാടുപിടിച്ച് നശിച്ച നിലയിലാണ്. ആരും വാങ്ങാനില്ലാത്ത ഇത്തരം കൃഷിഭൂമികൾ വന്യജീവികളുടെ വിഹാരകേന്ദ്രമാകുന്നത് ദുരന്തത്തിന്റെ ആക്കം വർദ്ധിപ്പിക്കുന്നു.

മുടിക്കയത്ത് കർഷകൻ നടവത്ത് സുബ്രഹ്മണ്യൻ ജീവനൊടുക്കിയതിനു പിന്നാലെ വന്യമൃഗഭീഷണി മൂലം ഗത്യന്തരമില്ലാതാവുന്ന കൃഷിക്കാരുടെ ദുരിത കഥകളാണ്. രണ്ടുവർഷം മുമ്പ് ജീവനൊടുക്കിയ കുറ്റിയാനിക്കൽ സേവ്യറുടെ മരണവും സമാന സാഹചര്യം മൂലമെന്നാണ് നാട്ടുകാരുടെ പക്ഷം.

1940കളിലെ കുടിയേറ്റ സമയത്ത് വഴിയും യാത്ര സൗകര്യങ്ങളും ഒന്നും ഇല്ലാതിരുന്ന മലകൾ കയറി, കൃഷിയിറക്കി എൺപതോളം വർഷങ്ങൾക്ക് ശേഷം വന്യമൃഗശല്യവും അധികാരപ്പെട്ടവരുടെ നിസംഗതയും മൂലം തന്റെ ഭൂമിയും വീടും വരുമാനവും ഉപേക്ഷിച്ച് ജീവൻ രക്ഷിക്കാൻ വേണ്ടി മലയിറങ്ങുന്നു. ഇതിൽ മറ്റൊരിടത്തേക്ക് മാറിതാമസിക്കാൻപോലും ശേഷിയില്ലാതെ ഒടുവിൽ ജീവൻ അവസാനിപ്പിക്കേണ്ടിവരുന്നവരുടെ കാഴ്ച വേദനാജനകമാണ്.

അയ്യൻകുന്ന് പഞ്ചായത്തിലുൾപ്പെട്ട ഈ മേഖലയിൽ വനാതിർത്തിയുള്ളത് 26 കിലോമീറ്ററാണ്. പ്രതിരോധം നാമമാത്രമായതിനാൽ പ്രതിരോധ സംവിധാനങ്ങൾ തീരെയില്ലാത്ത ഭാഗത്തുകൂടിയാണ് കാട്ടാനക്കൂട്ടങ്ങൾ കൃഷിയിടങ്ങളിലേക്ക് എത്തുന്നത്. ഇരു സംസ്ഥാനങ്ങളുടെയും വനനിരകൾ ചേരുന്ന, തുറന്നുകിടക്കുന്ന സ്ഥലങ്ങളിലൂടെ ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങളിൽ നിന്നും ഇരിട്ടി സെക്ഷൻ വനമേഖലയിൽനിന്നും മാക്കൂട്ടം ബ്രഹ്മഗിരി വന്യജീവി സങ്കേതം, മാക്കൂട്ടം റേഞ്ച് എന്നിവിടങ്ങളിൽ നിന്നുമെല്ലാം കാട്ടാനകൾ ഇവിടെയെത്തുന്നു.



*ഫയൽ ചിത്രം*

പാലത്തിൻകടവ് മുതൽ മുടിക്കയം, പാറക്കാമല വരെയുള്ള ഭാഗത്ത് കൃഷിവകുപ്പ് പദ്ധതിയിലുൾപ്പെടുത്തി സോളാർ തൂക്കുവേലി സ്ഥാപിക്കാൻ വനംവകുപ്പിന് ശുപാർശ സമർപ്പിച്ചിട്ടുണ്ടെങ്കിലും നടപടിയൊന്നും ഉണ്ടായിട്ടില്ല. ഇത് കർഷരുടെ ദുരിതം വർദ്ധിപ്പിക്കുകയും ക്രമാതീതമായ കുടിയിറക്കങ്ങൾക്കു കാരണമാകുകയും ചെയ്യുന്നു.

'കർണാടക വനത്തിൽ നിന്നും എത്തുന്ന ആനകളാണ് ജനവാസ മേഖലകളിൽ ഇറങ്ങി കൃഷി നശിപ്പിക്കുന്നത്. കൂട്ടുപുഴ മുതൽ പാലത്തിൻകടവ് വരെ കർണാടക അതിർത്തിയിലും പാറക്കാമല ഭാഗത്തെ കേരള ഫോറസ്റ്റ് അതിർത്തിയിലും സോളാർ ഉൾപ്പെടെയുള്ള ജോലികൾ യുദ്ധകാല അടിസ്ഥാനത്തിൽ പൂർത്തിയാക്കണം.'

**ബിജോയ് പ്ലാത്തോട്ടം,**
**അയ്യൻകുന്ന് പഞ്ചായത്തംഗം**

'ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗപ്പെടുത്തി അയ്യൻകുന്ന് പഞ്ചായത്തിലെ വന്യമൃഗ ആക്രമണം രൂക്ഷമായ കച്ചേരികടവ്, പാലത്തിൻകടവ് ഭാഗങ്ങൾ ഉൾപ്പെടെ സോളാർ തൂക്കുവേലികൾ സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പദ്ധതിയുടെ ഡിപിആർ തയ്യാറാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ചുമതലപ്പെടുത്തി.'

**കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ**
**അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ്**

## 'ബേഠീ ബച്ചാവോ ബേഠീ പഠാവോ' ബോധവൽക്കരണക്ലാസ്സും അനീമിയ സ്ക്രീനിങ്ങും നടത്തി

**ബി ഗീതു**

കരിക്കോട്ടക്കരി: ജില്ലാ ശിശുവികസന വകുപ്പിന്റെയും ഇരിട്ടി ഐ.സി.ഡി.എസ് പ്രോജക്ടിന്റെയും സംയുക്താഭിമുഖ്യത്തിൽ കൗമാരക്കാരായ പെൺക്കുട്ടികൾക്കുവേണ്ടി നടത്തുന്ന 'ബേഠീ ബചാവോ ബേഠീ പഠാവോ' ക്യാമ്പയിന്റെ ഭാഗമായി ബോധവൽക്കരണക്ലാസ്സും അനീമിയ സ്ക്രീനിങ്ങും നടത്തി.

കരിക്കോട്ടക്കരി സെന്റ് തോമസ് യു.പി സ്കൂളിൽ നടന്ന പരിപാടി കരിക്കോട്ടക്കരി പി.എച്ച്.സി ഡോ: ജയകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

കൗമാരക്കാരായ പെൺക്കുട്ടികളിൽ ഉണ്ടാകുന്ന അനീമിയ തടയാനും, ആർത്തവ ശുചിത്വത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യം.




*'ബേഠീ ബചാവോ ബേഠീ പഠാവോ' ക്യാമ്പയിന്റെ ഭാഗമായി നടന്ന ബോധവൽക്കരണക്ലാസ്സ്.*

പരിപാടിയിൽ കരിക്കോട്ടക്കരി പി.എച്ച്.സി സ്റ്റാഫ് നേഴ്സ് സീന കുട്ടികൾക്കായി ആർത്തവ ശുചിത്വത്തെയും, അനീമിയയെയും കുറിച്ചു ബോധവൽക്കരണക്ലാസ്സും അനീമിയ സ്ക്രീനിങ്ങും നടത്തി.

സംയോജിത ശിശു വികസന പദ്ധതി(ഐ.സി.ഡി.എസ്) സൂപ്പർവൈസർ കെ.ഗീത, സെന്റ് തോമസ് യു.പി സ്കൂൾ പ്രധാനാധ്യാപിക എൻ.എസ്.സൂസമ്മ, സ്കൂൾ കൗൺസിലർമാരായ സോനു സ്കറിയ, സി. എലിസബത്ത്, ഷീന മാത്യു, പി.എച്ച്.സി എൽ.എച്ച്.ഐ (ലേഡി ഹെൽത്ത് ഇൻസ്പെക്ടർ) രമ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

'രാജ്യത്തെ പോഷകാഹാരകുറവ് പരിഹരിക്കുക എന്ന ഉദ്ദേശത്തോടെ 2018 മാർച്ച് 8 നു ആരംഭിച്ച സമഗ്ര പോഷകാഹാര പദ്ധതിയാണ് നാഷണൽ ന്യൂട്രിഷൻ മിഷൻ (ദേശീയ പോഷൺ അഭിയാൻ). നാഷണൽ ന്യൂട്രിഷൻ മിഷന്റെ ഭാഗമായി ഐ.സി.ഡി.എസ് ഇത്തരത്തിലുള്ള വിവിധങ്ങളായ പരിപാടികൾ നടത്തി വരുന്നുണ്ട്'. ഐ.സി.ഡി.എസ് സൂപ്പർവൈസർ കെ. ഗീത പറഞ്ഞു.


**വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കൂ - 9496698531**

# എഡിറ്റോറിയൽ

## വറുതികാലത്തെ നവകേരളം; ജനങ്ങൾ വിജയിക്കണം

നവകേരള സദസ് കേരള ചരിത്രത്തിൽ പുതുമയേറിയതാണ്. ഒരു മാസത്തിലധികം മുഖ്യമന്ത്രിയടക്കം മന്ത്രിസഭയിലെ മുഴുവൻ അംഗങ്ങളും തലസ്ഥാനം വിട്ട് സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലൂടെ ജനങ്ങളിലേക്ക് എത്തുന്നത് തികച്ചും പുതുമയുള്ള പരിപാടി തന്നെയാണ്.

ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് തിരിച്ചറിഞ്ഞു അവ പരിഹരിച്ചു മുൻപോട്ട് പോകുന്ന ജനസൗഹൃദമായ രീതി ആർഭാടത്തിന് എന്ന് ആരോപിക്കുന്നതിനപ്പുറം ആശയംകൊണ്ട് പ്രായോഗികമായ ഒരു സമീപനമാണ്. ജനകീയ ഇടപെടലായി നവകേരള സദസ് മാറുകയാണെങ്കിൽ അത്യന്തികമായി ചിന്തിക്കുമ്പോൾ അതിന്റെ പരിപൂർണ്ണ വിജയവും ജനങ്ങൾക്ക് അവകാശപ്പെട്ടതാണ്.

പുതിയ കാഴ്ചകളും അനുഭവങ്ങളും പ്രതീക്ഷിച്ചു തന്നെയെത്തിയ മന്ത്രിസഭയ്ക്ക് മുൻപിൽ പച്ചയായ യാഥാർത്ഥ്യങ്ങൾ അലോസരത ഉണർത്തുന്നുണ്ട്. നവകേരള യാത്ര കാസർകോഡ് ആരംഭിച്ചതുമുതൽ ഇന്നുവരെ ജനങ്ങളുടെ പ്രതികരണങ്ങൾ എല്ലാവിധത്തിലും പ്രകടമാണ്. കുതിച്ചു കയറുന്ന ജീവിതച്ചെലവും വരുമാന നഷ്ടവും കാരണം രണ്ടറ്റം കൂട്ടിമുട്ടിക്കാൻ കിതയ്ക്കുന്നവർ വഴിയിൽ സ്ഥിരസാന്നിധ്യമാണ്. അവരോടുള്ള, അവരുടെ പ്രതികരണങ്ങളോടുള്ള മന്ത്രിസഭയുടെ പ്രതികരണം എന്നാലൊട്ടു ശ്ലാഘനീയമല്ല.

സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ വീണ്ടും കേട്ടു തുടങ്ങിയിരിക്കുന്നു. നമ്മുടെ ഇട്ടാവട്ടങ്ങളിൽ പോലും കൃത്യമായ ഇടവേളകളിൽ അത് സംഭവിക്കുന്നു. കടക്കെണി, കാലാവസ്ഥാമാറ്റം, വന്യമൃഗശല്യം എന്നിവ പെരുകുമ്പോൾ തോറ്റുപോയി എന്നു നിലവിളിച്ചു കർഷകർ ആത്മഹത്യ ചെയ്യുന്നിടത്ത് തോറ്റുപോകുന്നത് തങ്ങളാണെന്ന ബോധ്യം അധികാരികൾക്കുണ്ടാകണം. ആയതിനാൽ നവകേരള സദസ്സിന് മുൻപിൽ സമർപ്പിച്ച നിവേദനത്തിന് ഉത്തരമുണ്ടാകണം.

ക്ഷേമപെൻഷനില്ലായ്മ, പിടിച്ചു നിൽക്കാൻ കച്ചിത്തുമ്പു അന്വേഷിക്കുന്ന സപ്ലൈകോ, സബ്സീഡി ഇല്ലായ്മ, ഈ - ഗ്രാന്റ് വെട്ടികുറയ്ക്കൽ തുടങ്ങി ആവോളം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ കാതലായ മാറ്റം കൊണ്ടുവന്നു പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നില്ലെങ്കിൽ ആശയപരമായി ഉന്നതിയുള്ള നവകേരള സദസ്സും ഒരു ആർഭാട പ്രഹസനമായി മാറും. നഷ്ടം ജനങ്ങൾക്ക് മാത്രവും.

- എഡിറ്റർ

## വള്ളിത്തോടിന്റെ ഭാഗ്യ മുത്തശ്ശി

**ഡെനിൽ മാത്യു ജോൺ**



*ദേവു മുത്തശ്ശി*

നൂറോടടുക്കുന്ന പ്രായം വെറും അക്കങ്ങൾ ആണെന്നു തെളിയിച്ചു കൊണ്ട് ലോട്ടറി വിൽപനയിലൂടെ ഉപജീവന മാർഗ്ഗം കണ്ടെത്തുകയാണ് ദേവു മുത്തശ്ശി. കൊല്ലവർഷം ആയിരത്തിയൊരുനൂറ്റിയൊന്ന് കന്നി 28ന് കൈരാതികിരാതി ക്ഷേത്രത്തിന് അടുത്ത് ജനിച്ച വള്ളിത്തോടിന്റെ മുത്തശ്ശിയുടെ പ്രായം ഇപ്പോൾ 98 പിന്നിട്ടിരിക്കുന്നു.

രാവിലെ 10 മണിയോടെ ലോട്ടറി വിൽപനക്കായ് വള്ളിത്തോടിലേക്ക് എത്തുന്ന ദേവുവമ്മ ഒരു കുടുംബാംഗത്തെ പോലെയാണ് ഇവിടത്തുകാർക്ക്. പല കടകളിലും ദേവു അമ്മയ്ക്കായി ഇരിപ്പിടങ്ങൾ സജ്ജമാണ്. സ്നേഹത്തോടെ ചായയും ചോറുമെല്ലാം വാങ്ങി നൽകാൻ നാട്ടുകാർ ഒരുപാട് പേരുണ്ട്.

ഇഷ്ട ഭക്ഷണം എന്നൊന്നില്ല എല്ലാം കഴിക്കും, പക്ഷേ ഇപ്പോൾ കുറച്ചുനാളുകളായി ദേവുവമ്മ മത്സ്യമാംസാദികൾ ഒന്നും കഴിക്കാറില്ല.

കൊറോണക്ക് മുമ്പ് വരെ വള്ളിത്തോട് അങ്ങാടിയിൽ ചെറിയ കുമ്മട്ടിയിൽ കച്ചവടം ആയിരുന്നു. കൊറോണ വന്നതോടുകൂടി അത് ഉപേക്ഷിക്കേണ്ടിവന്നു. പിന്നെയാണ് ലോട്ടറി വിൽപന തുടങ്ങിയത്.

'എനിക്ക് അടങ്ങിയിരിക്കാൻ ഇഷ്ടമല്ല, ലോട്ടറി വില്പന വളരെ സന്തോഷം നൽകുന്ന ജോലിയാണ്. ഒരു ദിവസം മുപ്പതോളം ടിക്കറ്റ് വിൽക്കാറുണ്ട്. വൈകുന്നേരം ഏതെങ്കിലും ഓട്ടോക്കാർ വീട്ടിൽ എത്തിക്കും.' ദേവുവമ്മ പറഞ്ഞു.

ആരോഗ്യപ്രശ്നങ്ങൾ ഒരുപാടുണ്ട്, തിമിരം ബാധിച്ച കണ്ണുകൾക്ക് കാഴ്ച നന്നേ കുറവാണ്, ഇടയ്ക്ക് ഓർമ്മശക്തി നഷ്ടപ്പെടാറുണ്ട്. പെൻഷൻ മുടങ്ങിയിട്ട് മാസങ്ങളായി. ലോട്ടറി വില്പനയിൽ നിന്ന് ലഭിക്കുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് മരുന്നു വാങ്ങുന്നത്.

ശബരിമലയാണ് പ്രിയപ്പെട്ട സ്ഥലം. ഇരുപത് തവണ മുടങ്ങാതെ അയ്യനെ കാണാൻ പോയിട്ടുണ്ട്. 2022ലാണ് അവസാനമായി ശബരിമലയ്ക്ക് പോയത്. ഇനിയും പോകാൻ ആഗ്രഹമുണ്ടെന്നും സാമ്പത്തിക ഭദ്രത ഒരു പ്രശ്നമായതുകൊണ്ടാണ് ശബരിമലയ്ക്ക് പോകാത്തത് എന്നും ദേവുവമ്മ പരിഭവം പറഞ്ഞു. ആരോഗ്യ പ്രശ്നങ്ങൾ ഒരുപാടുണ്ടെങ്കിലും തളരാതെ മുന്നോട്ടു പോവുന്ന ഈ മുത്തശ്ശി എല്ലാവർക്കും ഒരു മാതൃക തന്നെയാണ്.

## മാപ്പത്തോൺ; മാപ്പുകളുടെ അവതരണവും ശില്പശാലയും നടത്തി

**ഡെനിൽ മാത്യു ജോൺ**



*പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്യുന്നു.*

അങ്ങാടിക്കടവ്: സംസ്ഥാനത്തെ പശ്ചിമ ഘട്ടത്തോട് ചേർന്നു കിടക്കുന്ന പഞ്ചായത്തുകളിലെ നീർച്ചാൽ ശൃംഖല പൂർണ്ണമായും വീണ്ടെടുക്കുന്നതിനായുള്ള ഡിജിറ്റൽ മാപ്പിംഗ് സർവേ മാപ്പത്തോണിന്റെ പ്രദർശനവും ശിൽപശാലയും അയ്യൻകുന്ന് പഞ്ചായത്തിൽ നടന്നു.

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി റീബിൽഡ് കേരളയുടെയും, ഐ. ടി. മിഷന്റെയും സഹകരണത്തോടെ ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന പദ്ധതി പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

പഞ്ചായത്തിലെ പതിനാറു വാർഡുകളിലെയും പതിനാറു നീർത്തട പ്രദേശങ്ങളിലെ നീരുറവകളും നീർച്ചാലുകളും ജലാശയങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ മാപ്പുകളുടെ കരടു രൂപമാണ് അവതരിപ്പിച്ചത്. ഹരിത കേരള മിഷൻ ജില്ലാ റിസോഴ്സ് പേഴ്സൺ ജയപ്രകാശ് പന്തക്ക പദ്ധതിയെ കുറിച്ചുള്ള വിശദീകരണം നൽകി. സർവ്വേയുടെ ചുമതല വഹിക്കുന്ന കെ. ഇ. രോഹിത്ത് മാപ്പുകളുടെ അവതരണം നടത്തി.

ജനപ്രതിനിധികൾ, ജില്ല ഹരിത കേരള മിഷൻ സാങ്കേതിക വിഭാഗം ജീവനക്കാർ, ആസൂത്രണ സമിതി അംഗങ്ങൾ, തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥർ, തൊഴിലുറപ്പ് പദ്ധതി മാറ്റുമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ പങ്കെടുത്തു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സീമ സനോജ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സിന്ധു ബെന്നി, അസ്സിസ്റ്റന്റ് സെക്രട്ടറി വി.പി. അഷറഫ്, കൃഷി ഓഫീസർ ജിംസി മരിയ, എൻ.ആർ.ഇ.ജി.എസ്സ്. അസ്സിസ്റ്റന്റ് എഞ്ചിനീയർ ആകാശ് ജോയ്, ഒ. അൻവിത എന്നിവർ സംസാരിച്ചു.

## അനന്തു ജിതേഷ് കേരളാ ടീമിൽ

**സാന്ദ്ര സ്വതന്ത്രരാജ്**



അങ്ങാടിക്കടവ്: ദേശീയ സീനിയർ സ്കൂൾസ് നെറ്റ്ബോൾ ചാമ്പ്യൻഷിപ്പിനുള്ള കേരള ടീമിലേക്ക് യോഗ്യത നേടി അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് സ്കൂൾ പ്ലസ് വൺ വിദ്യാർഥി അനന്തു ജിതേഷ്. വാണിയപ്പാറ ജിതേഷ് സെബാസ്റ്റിൻ, ഹർഷ ജിതേഷ് ദമ്പതികളുടെ മകനാണ് അനന്തു.

ഒക്ടോബറിൽ കണ്ണൂർ പോലീസ് മൈതാനത്തിൽ വച്ച് നടന്ന സംസ്ഥാനതല മത്സരത്തിലെ മികച്ച പ്രകടനമാണ് അനന്തുവിന് യോഗ്യത നേടാൻ സഹായിച്ചത്. അങ്ങാടിക്കടവ് സോക്കർ 9 അക്കാദമി കോച്ച് ഷൈജു സെബാസ്റ്റ്യന്റെ കീഴിലാണ് അനന്തു ജിതേഷ് പരിശീലനം നേടുന്നത്.

വിദ്യാർഥികളെ മികച്ച നിലവാരത്തിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ 2019 തിൽ പ്രവർത്തനം ആരംഭിച്ച സോക്കർ 9 അക്കാദമി നെറ്റ് ബോൾ, അമേരിക്കൻ ഫ്ളാഗ് ഫുട്ബോൾ, ടെന്നി കയറ്റ്, ബേസ്ബോൾ, ത്രോബോൾ എന്നീ മത്സര ഇനങ്ങളിൽ വിദ്യാർഥികൾക്ക് പരിശീലനം നൽകുന്നു. ഏകദേശം 60 തോളം വിദ്യാർത്ഥികളാണ് നിലവിൽ അക്കാദമിയിൽ പരിശീലനം നേടുന്നത്.

### അറിയിപ്പ്

ഓഡിറ്റോറിയം, കല്യാണ മണ്ഡപം, ടർഫുകൾ,പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ വിവിധ പരിപാടികൾ നടത്താൻ സ്ഥാപനം ബുക്കുചെയ്യുന്ന വ്യക്തികൾക്ക് നൽകേണ്ട നിർദ്ദേശങ്ങൾ

1. ഈ സ്ഥാപനത്തിൽ നടത്തുന്ന പരിപാടികൾ പൂർണ്ണമായും ഗ്രീൻ പ്രോട്ടോകോൾ പാലിച്ചായിരിക്കണം.
2. സ.ഉ(കൈ)നം.6/2019 തീയതി 27.11.2019 ഉത്തരവ് പ്രകാരം നിരോധിത ഉൽപന്നങ്ങൾ/ബോട്ടിലുകൾ തുടങ്ങിയവ ഉപയോഗിക്കുകയാണെങ്കിൽ പതിനായിരം രൂപ മുതൽ അമ്പതിനായിരം രൂപ വരെയുള്ള, തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിക്കുന്ന പിഴ ഈടാക്കുന്നതായിരിക്കും.

**നിരോധിത ഉൽപ്പന്നങ്ങൾ**

1. പ്ലാസ്റ്റിക് ക്യാരി ബാഗ് (കനം നോക്കാതെ).
2. പ്ലാസ്റ്റിക് ഷീറ്റ്സ് (ടേബിളിൽ വിരിക്കാൻ ഉപയോഗിക്കുന്ന), ക്ലിംഗ് ഫിലിം.
3. പ്ലേറ്റുകൾ, കപ്പുകൾ, തെർമോകോൾ, സ്റ്റൈറോഫോം ഉപയോഗിച്ചുണ്ടാകുന്ന അലങ്കാര വസ്തുക്കൾ.
4. ഒറ്റതവണ ഉപയോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ, സ്റ്റിറർ.
5. പ്ലാസ്റ്റിക് കോട്ടിങ്ങ് ഉള്ള പേപ്പർ കപ്പുകൾ, ബൗൾ, ക്യാരി ബാഗുകൾ.
6. പ്ലാസ്റ്റിക് ഫ്ളാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ്.
7. പ്ലാസ്റ്റിക് വാട്ടർ പൗച്ചസ്, പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ.
8. പെറ്റ്/പെറ്റ് ബോട്ടിലുകൾ കുടിക്കാനുള്ളത് (500 എംഎൽ കപ്പാസിറ്റിക്ക് താഴെ).
9. ഗാർബേജ് ബാഗ് (പ്ലാസ്റ്റിക്).
10. പി വി സി ഫ്ളക്സ് മെറ്റീരിയൽസ്.
11. പ്ലാസ്റ്റിക് പാക്കറ്റ്സ്.

## ശിശുദിനാചരണം നടത്തി

### സേക്രട്ട് ഹാർട്ട് യു പി സ്കൂൾ

**സാന്ദ്ര സ്വതന്ത്രരാജ്**



അങ്ങാടിക്കടവ്: സേക്രട്ട് ഹാർട്ട് യു പി സ്കൂളിൽ അധ്യാപകരുടേയും വിദ്യാർഥികളുടേയും നേതൃത്വത്തിൽ ശിശുദിനാചരണം നടത്തി.

ശിശുദിനാചരണത്തിന്റെ ഭാഗമായി സ്കൂൾ ഓഡിറ്റോറിയത്തിൽ ചാച്ചാജി മത്സരം, ക്വിസ് മത്സരം, ശിശുദിന റാലി തുടങ്ങിയവ നടത്തി.

ഏഴാം ക്ലാസ് വിദ്യാർഥിയും സ്കൂൾ ലീഡറും ആയ എറിൻ ജോർജ്, ആറാം ക്ലാസ് വിദ്യാർഥി അമയ റെനി, മൂന്നാം ക്ലാസ് വിദ്യാർഥി അമേലിയ ആൻ റിജോ എന്നിവർ ശിശുദിനാഘോഷവുമായി ബന്ധപ്പെട്ട സന്ദേശങ്ങളും മഹത് വചനങ്ങളും അവതരിപ്പിച്ചു.

അഞ്ചാം ക്ലാസ് വിദ്യാർഥികളായ പെനീന നോബിൾ, ആന്റോണിയോ ജോസഫ് ഏഴാം ക്ലാസ് വിദ്യാർഥി ആൻ ഗ്ലോറി എന്നിവർ ശിശുദിന ഗാനം ആലപിച്ചു. അധ്യാപിക സിസ്റ്റർ റിൻസി സി എം സി അസംബ്ലിക്ക് നേതൃ ത്വം നൽകി.

### ജി എൽ പി സ്കൂൾ ആനപ്പന്തി & ലിറ്റിൽ ബഡ്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ

**ശ്രീക്കുട്ടി ചന്ദ്രൻ**



അന്താരാഷ്ട്ര വിദ്യാർത്ഥി ദിനത്തോടും ശിശുദിനത്തോടും അനുബന്ധിച്ച് ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജ് എൻ.എസ്.എസ് യൂണിന്റെ നേതൃത്വത്തിൽ ലിറ്റിൽ ബഡ്സ് ഇംഗ്ലീഷ് മീഡിയം സ്കൂളും, ആനപ്പന്തി ജി.എൽ.പി സ്കൂളും സന്ദർശിച്ചു കുട്ടികൾക്കായി കലാപരിപാ ടികൾ നടത്തി.

കലാപരിപാടികളിൽ വിജയികളായ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങളും, പങ്കെടുത്ത എല്ലാവർക്കും മധുരപലഹാരങ്ങളും വിതരണം ചെയ്തു.

| എഡിറ്റോറിയൽ ടീം ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് | എഡിറ്റർ ഇൻ ചാർജ്: മരിയ ജോയ് | സബ് എഡിറ്റേഴ്സ്: സാന്ദ്ര സ്വതന്ത്രരാജ്, ബി ഗീതു, ശ്രീക്കുട്ടി ചന്ദ്രൻ, ഡെനിൽ മാത്യു ജോൺ | ഫോട്ടോഗ്രാഫേഴ്സ്: സാന്ദ്ര സ്വതന്ത്രരാജ്, ബി ഗീതു, മരിയ ജോയ്, ശ്രീക്കുട്ടി ചന്ദ്രൻ, ഡെനിൽ മാത്യു ജോൺ | ഡിസൈൻ : പ്രിൻസ് ജോസഫ് |